**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 187** **23-02-2026 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. നിരക്ക് പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ. ബാബു (നെന്മാറ)** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് നിലവിലെ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (എ) | **1. സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്**<br><br>നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി, 2023 ജനുവരിയിൽ വകുപ്പിനെ ജി.എസ്.ടി. നിയമത്തിനനുസൃതമായി പുനഃസംഘടിപ്പിക്കുകയും ടാക്സ് പെയർ സർവ്വീസസ്, ഓഡിറ്റ്, ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് എന്നീ മൂന്ന് വെർട്ടിക്കലുകളായി തിരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഓരോ വിഭാഗങ്ങളും നികുതി പിരിവ് ഊർജ്ജിതമാക്കുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു. ടാക്സ് പെയർ സർവ്വീസസ് വെർട്ടിക്കലുകളിൽ നികുതിദായകർ റിട്ടേണുകൾ യഥാസമയം ഫയൽ ചെയ്യുന്നുണ്ടോയെന്ന് നിരീക്ഷിക്കുകയും പ്രസ്തുത റിട്ടേണുകൾ പരിശോധിച്ച് നികുതി അടവ് ഉറപ്പുവരുത്തുകയും ചെയ്യുന്നു.<br><br>ഓഡിറ്റ് വിഭാഗം നികുതിദായകരെ റിസ്ക് അടിസ്ഥാനത്തിൽ തരംതിരിച്ച് (പല പാരാമീറ്ററുകൾ ഉപയോഗപ്പെടുത്തി) ഓഡിറ്റിനായി തെരഞ്ഞെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ ഓഡിറ്റ് വിസിറ്റ് നടത്തി നികുതിദായകർ സൂക്ഷിച്ചിരിക്കുന്ന രേഖകളും അക്കൗണ്ടുകളും വിശദമായി പരിശോധിച്ച് അവർ ഫയൽ ചെയ്ത റിട്ടേണുകളുമായി താരതമ്യം ചെയ്ത് എവിടെയെങ്കിലും നികുതി ചോർച്ച ഉണ്ടായിട്ടുണ്ടോ എന്നും പരിശോധിച്ച് നടപടികൾ എടുത്തുവരുന്നു.<br><br>എൻഫോഴ്സ്മെന്റ് വിഭാഗം ചരക്ക് നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും ഇ-വേ ബിൽ, ഇ-ഇൻവോയ്സ് തുടങ്ങിയവ നിയമപ്രകാരം ചരക്ക് നീക്കങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുകയും 24 മണിക്കൂറും പട്രോളിങ്ങിലേർപ്പെട്ടിരിക്കുന്ന എൻഫോഴ്സ്മെന്റ് |

വിഭാഗം സംസ്ഥാനത്തിനകത്തേക്കും പുറത്തേക്കും നികുതി വെട്ടിച്ച് നടത്തുന്ന ചരക്ക് നീക്കങ്ങളെ തടഞ്ഞ് പിഴ ചുമത്തുകയും കണ്ടുകെട്ടേണ്ടതായ കേസുകളിൽ നികുതി വെട്ടിച്ചുകടത്തുന്ന ചരക്കുകളും വാഹനങ്ങളും കണ്ടുകെട്ടാനാവശ്യമായ നടപടികളെടുക്കുകയും ചെയ്യുന്നു. ഇതുകൂടാതെ വാഹന പരിശോധനയിൽ കണ്ടെത്തുന്ന, തുടരന്വേഷണം ആവശ്യമായ കേസുകൾ ബന്ധപ്പെട്ട വിഭാഗങ്ങൾക്ക് കൈമാറുകയും ചെയ്യുന്നു.

ഇന്റലിജൻസ് വിഭാഗം വിവര സാങ്കേതിക വിദ്യയുടെ പിൻബലത്തോടെയും രഹസ്യ അന്വേഷണം, ഇൻഫോർമേഴ്സ് പരാതികൾ എന്നിവയിലൂടെയും ലഭിക്കുന്ന നികുതി വെട്ടിപ്പുകളെ സംബന്ധിച്ച സൂചനകൾ കൃത്യമായി അപഗ്രഥിച്ച് അന്വേഷണം നടത്തുകയും ആയതിലൂടെ നികുതി വെട്ടിപ്പിന്റെ വ്യാപ്തിയും ആധികാരികതയും ഉറപ്പുവരുത്തി സേർച്ച് ഇൻസ്പെക്ഷൻ നടത്തി പെനാൽറ്റിയും നികുതിയും ഈടാക്കുന്നു. ഇതുകൂടാതെ അനിവാര്യ ഘട്ടങ്ങളിൽ നികുതി വെട്ടിപ്പുകാരെ അറസ്റ്റിന് വിധേയമാക്കുകയും ചെയ്യുന്നു. അന്തർ സംസ്ഥാന നികുതി വെട്ടിപ്പ് തടയുന്നതിനായി ക്രോസ് ബോർഡറിംഗ് ഇന്റലിജൻസ് സംവിധാനവും ഉപയോഗപ്പെടുത്തുന്നു. മേൽ വിവരിച്ച പ്രവർത്തങ്ങളിലൂടെ നികുതി പിരിവ് കാര്യക്ഷമവും ഊർജ്ജിതവുമായി നടത്തി പോരുന്നുണ്ട്.

കൂടാതെ ചരക്ക് നീക്കത്തിന്റെ തത്സമയ ട്രാക്കിംഗും നിരീക്ഷണവും സുതാര്യമാക്കുന്നതിനായി സംസ്ഥാനത്ത് ചെക്ക് പോസ്റ്റുകൾ നിലനിന്നിരുന്ന സ്ഥലങ്ങളിൽ ഓട്ടോമേറ്റഡ് നമ്പർ റെക്കഗ്നിഷൻ (ANPR) സംവിധാനം പ്രാവർത്തികമാക്കിയിട്ടുണ്ട്

മാത്രമല്ല G.S.T Common Portal ലെ റിപ്പോർട്ടുകളും specialized ആയിട്ടുള്ള Analytics Portal BIFA (Business Intelligence & Fraud Analytics), നികുതി പിരിവ് കാര്യക്ഷമമാക്കാൻ ഉപയോഗിച്ചു വരുന്നു.

കൂടാതെ ഐ.ജി.എസ്.ടി. സംവിധാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാനം എല്ലായ്പ്പോഴും ശക്തമായ നടപടികളും സമയോചിതമായ ഇടപെടലുകളും സ്വീകരിച്ചിട്ടുണ്ട്. നിലവിൽ IGST സെറ്റിൽമെന്റ് സംവിധാനത്തിൽ ഉള്ള പ്രശ്നങ്ങൾ ജി.എസ്.ടി. കൗൺസിൽ അംഗീകരിക്കുകയും അവ പരിഹരിക്കാൻ വേണ്ടി ഒരു ഓഫീസർ സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

**2. എക്സൈസ് വകുപ്പ്**

വകുപ്പിന്റെ പ്രധാന വരുമാന സ്രോതസ്സ് ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന്മേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടിയാണ്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി വിവിധ ലൈസൻസ് ഫീസുകളും വിദേശമദ്യത്തിന്മേലുള്ള നികുതിയും മുൻകൂറായാണ് പിരിച്ചെടുക്കുന്നത്. കേരളത്തിൽ നികുതി അടയ്ക്കാത്ത അന്യസംസ്ഥാന മദ്യം കടത്തുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പരിശോധനയും ചെക്ക് പോസ്റ്റ് ഇല്ലാത്ത സ്ഥലങ്ങളിൽ KEMU (കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്) ഉപയോഗപ്പെടുത്തിയുള്ള പരിശോധനകളും, ബോർഡർ പട്രോളിംഗ്, ഹൈവേ പട്രോളിംഗ് എന്നിവ ശക്തിപ്പെടുത്തിയുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങളും നടത്തി നികുതി ചോർച്ച തടയുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതാണ്. കൂടാതെ നികുതി വെട്ടിപ്പ് തടയുന്നതിന് ലൈസൻസ് ഫീ ഉൾപ്പെടെയുള്ള എല്ലാ ഫീസുകളും പ്രത്യേകം ശീർഷകങ്ങൾ അനുവദിച്ച് ഓൺലൈൻ മുഖേന സമാഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി അനധികൃത മദ്യവ്യാപനം തടയുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതാണ്. കൂടാതെ അബ്കാരി നിയമ പ്രകാരം കണ്ടെടുക്കുന്ന കേസുകൾ തീർപ്പാക്കുന്നതിനുള്ള പിഴത്തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതാണ്. കേസുകളിൽ പിടികൂടുന്ന വാഹനങ്ങൾ താമസംവിനാ സർക്കാരിലേക്ക് കണ്ടുകെട്ടി ഡിസ്പോസൽ നടപടികൾ വേഗത്തിലാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതാണ്. സംസ്ഥാനത്തെ അബ്കാരി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി 22.02.2023-ൽ സ.ഉ.(കൈ) നം. 12/2023/നികുതി ഉത്തരവ് പ്രകാരം, ആംനെസ്റ്റി പദ്ധതി നിലവിൽ വരുകയും ആയതിലൂടെ നാളിതുവരെ 97 അബ്കാരി കുടിശ്ശിക കേസുകളിൽ നിന്നായി 3,04,98,579/- രൂപ പിരിച്ചെടുത്തിട്ടുള്ളതുമാണ്. ടി പദ്ധതിയുടെ കാലാവധി 2026 മാർച്ച് 31-ന് അവസാനിക്കുന്നതാണ്. എല്ലാ കുടിശ്ശികകളുടേയും റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**3. രജിസ്ട്രേഷൻ വകുപ്പ്**

വകുപ്പിൽ നിന്നും സർക്കാർ ഖജനാവിലേക്ക് ലഭ്യമാകുന്ന നികുതി വരുമാനത്തിൽ സിംഹഭാഗവും ലഭിക്കുന്നത് ആധാര രജിസ്ട്രേഷനിലൂടെയാണ്. ആധാരം എക്സിക്യൂട്ട് ചെയ്യുമ്പോൾ നികുതി ഇനത്തിൽ സ്റ്റാമ്പ് ഡ്യൂട്ടി ഒടുക്കുകയും, രജിസ്ട്രേഷന് ഹാജരാക്കുമ്പോൾ രജിസ്ട്രേഷൻ ഫീസും ഈടാക്കിവരുന്നു. വസ്തു കൈമാറ്റം ചെയ്യുമ്പോൾ ഒടുക്കുന്ന നികുതിയാണ് രജിസ്ട്രേഷൻ വകുപ്പിൽ നിന്നും സർക്കാർ ഖജനാവിലേക്ക് നികുതി വരുമാനമായി ലഭിക്കുന്നത്. റവന്യൂ, G.S.T., L.S.G.D. തുടങ്ങിയ സർക്കാർ വകുപ്പുകൾ നികുതി സമാഹരിക്കുന്നതുപോലെ പൊതുജനങ്ങളിൽ നിന്നും രജിസ്ട്രേഷൻ വകുപ്പ് നേരിട്ട് നികുതി പിരിച്ചെടുക്കുന്നില്ല.

**4. റവന്യൂ വകുപ്പ്**

സംസ്ഥാനത്തിന്റെ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് സംസ്ഥാന-ജില്ലാ തലങ്ങളിലുള്ള കൃത്യമായ അവലോകനങ്ങളും, കേരള കെട്ടിട നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി പ്രത്യേക പരിശോധനകളും സമാഹരണ യജ്ഞങ്ങളും, താലൂക്ക് തലത്തിലുള്ള സ്പെഷ്യൽ സ്ക്വാഡ് പ്രവർത്തനങ്ങളും നടത്തിവരുന്നു. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

**റവന്യൂ ഇ-പേയ്മെന്റ് സംവിധാനം:** പൊതുജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ നേരിട്ട് പോകാതെ തന്നെ ഭൂനികുതി അടയ്ക്കാനുള്ള ഓൺലൈൻ സംവിധാനം സർക്കാർ ഏർപ്പെടുത്തി.

**ഡിജിറ്റൽ സർവെ:** സ്വംസ്ഥാനത്തെ ഭൂമി മുഴുവൻ ശാസ്ത്രീയമായി ഡിജിറ്റൽ സർവ്വെ നടത്തുന്ന പദ്ധതിയാണിത്. ഭൂമിയുടെ കൃത്യമായ അളവും വിസ്തീർണ്ണവും ഡിജിറ്റലായി രേഖപ്പെടുത്തുന്നതോടെ നികുതി നിർണ്ണയത്തിലെ പിശകുകൾ ഒഴിവാക്കാനും നികുതി വെട്ടിപ്പ് തടയാനും സാധിക്കുന്നു.

**സ്പെഷ്യൽ ഡ്രൈവുകൾ :** ബേസിക് ടാക്സ് പിരിവ് വർദ്ധിപ്പിക്കുന്നതിനായി വില്ലേജ്/ താലൂക്ക് തലങ്ങളിൽ പ്രത്യേക കുടിശ്ശിക നിവാരണ യജ്ഞങ്ങൾ നടത്തുന്നു. വർഷങ്ങളായി നികുതി അടയ്ക്കാത്ത ഭൂവുടമകളെ കണ്ടെത്തി നോട്ടീസ് നൽകുകയും നിശ്ചിത സമയത്തിനകം അടയ്ക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഇതിനായി പ്രത്യേക ഉദ്യോഗസ്ഥ സംഘങ്ങളെ നിയോഗിക്കാറുണ്ട്.

| | | | |
|---|---|---|---|
| | | | **റവന്യൂ സേവന നിരക്കുകളുടെ കാലാനുസൃതമായ പരിഷ്കരണം:** അധിക വിഭവ സമാഹരണത്തിന്റെ ഭാഗമായി വിവിധ റവന്യൂ സേവനങ്ങളുടെ ഫീസുകളിൽ ചുവടെ പറയും പ്രകാരമുള്ള വർദ്ധനവ് വരുത്തുന്നതിന് 22/07/2025-ലെ സ.ഉ. (കൈ) നമ്പർ 228/2025/ആർ.ഡി. പ്രകാരം ഉത്തരവായിട്ടുള്ളതാണ്.<br><br>(i) **പോക്കുവരവ് ഫീസ്:** 50 ആർ മുതൽ 1 ഹെക്ടർ വരെ നിലവിലുണ്ടായിരുന്ന 500 രൂപ 600 രൂപയാക്കി ഉയർത്തി. 1 ഹെക്ടറിന് മുകളിൽ 2 ഹെക്ടർ വരെ നിലവിലുണ്ടായിരുന്ന 700 രൂപ 1000 രൂപയാക്കി ഉയർത്തി. 2 ഹെക്ടറിന് മുകളിൽ 1000 രൂപ 1500 രൂപയാക്കി ഉയർത്തി.<br><br>(ii)**ഡിമാന്റ് നോട്ടീസ് ഫീസ്:** കുടിശ്ശികയുള്ളവരിൽ നിന്ന് നികുതി ഈടാക്കാൻ അയയ്ക്കുന്ന നോട്ടീസ് ഫീസ് 85 രൂപയിൽ നിന്നും 100 രൂപയാക്കി.<br><br>(iii) **മറ്റ് ചാർജ്ജുകൾ:** സർവ്വേ ചാർജ്, റീസർവ്വേ ചാർജ് എന്നിവ 255 രൂപയിൽ നിന്നും 300 രൂപയായും, ഡിമാർക്കേഷൻ ഫീസ് 80 രൂപയിൽ നിന്നും 100 രൂപയായും വർദ്ധിപ്പിച്ചു.<br><br>**നി.കെ. (നികുതി കെട്ടാത്ത ഭൂമി) കുടിശ്ശിക നിവാരണം:** വർഷങ്ങളായി നികുതി പിരിക്കാൻ സാധിക്കാതെ കിടന്നിരുന്ന ഭൂമിയിൽ നിന്ന് വരുമാനം കണ്ടെത്തുന്നതിനായി സർക്കാർ പുതിയ നടപടി സ്വീകരിച്ചിട്ടുള്ളതാണ്. നികുതി കെട്ടാത്ത ഭൂമിയുടെ രജിസ്ട്രേഡ് കൈവശക്കാർക്കോ, നിയമാനുസൃത പ്രതിനിധികൾക്കോ Kerala Land Tax Act പ്രകാരം കരം നിശ്ചയിച്ച് നൽകുന്നതിനും 'നി.കെ.' എന്ന ഇനത്തിൽ നിന്നും മാറ്റി നൽകുന്നതിനും അനുമതി നൽകിക്കൊണ്ട് 06/10/2025-ൽ സ.ഉ.(കൈ) നമ്പർ 295/2025/ആർ.ഡി. പ്രകാരം ഉത്തരവായിട്ടുള്ളതാണ്.<br><br>**5. മോട്ടോർ വാഹന വകുപ്പ്**<br><br>മോട്ടോർ വാഹന നികുതി കുടിശ്ശിക ശേഖരണം മെച്ചപ്പെടുത്തുന്നതിനായി കുടിശ്ശികയുള്ള വാഹന ഉടമകൾക്ക് ഡിമാൻഡ് നോട്ടീസ് നൽകുകയും നികുതി ഒടുക്കാത്ത വാഹനങ്ങൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം 99216 വാഹനങ്ങളുടെമേൽ റവന്യൂ റിക്കവറി സ്വീകരിക്കപ്പെട്ടിട്ടുണ്ട്. |
| (ബി) | നടപ്പ് സാമ്പത്തിക വർഷം രാജ്യത്ത് ചരക്ക് സേവന നികുതി നിരക്കുകൾ പരിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ | (ബി) | 2025 സെപ്റ്റംബർ മാസത്തിൽ ദേശീയ ജി.എസ്.ടി. കൗൺസിലിന്റെ നിർദേശ പ്രകാരം 12%, 28% |

| | | | |
|---|---|---|---|
| | ഇതിലൂടെ സംസ്ഥാനത്തിന് ജി.എസ്.ടി. പിരിവ് ഇനത്തിൽ പ്രതീക്ഷിച്ചതിലും കുറവ് ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; | | നികുതി സ്ലാബുകൾ നിർത്തലാക്കുകയും ആഡംബര വസ്തുക്കൾക്കും പാപ വസ്തുക്കൾക്കും (Sin goods) 40% നികുതി നിരക്ക് ഏർപ്പെടുത്തുകയും ചെയ്തുകൊണ്ട് ജി.എസ്.ടി. സ്ലാബ് ഘടന പരിഷ്കരിക്കുകയുണ്ടായി. നിലവിലുണ്ടായിരുന്ന നാല് സ്ലാബുകൾ (5%, 12%, 18%, 28%) രണ്ട് പ്രധാന സ്ലാബുകളായി (5%, 18%) ചുരുങ്ങി. ജി.എസ്.ടി. നിരക്ക് ഏകീകരണം വഴി സംസ്ഥാനത്തിന് പ്രതിവർഷം ₹8,000 മുതൽ ₹10,000 കോടി രൂപ വരെ റവന്യൂ നഷ്ടം സംഭവിക്കുമെന്നാണ് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (GIFT) നടത്തിയ പഠനങ്ങൾ വ്യക്തമാക്കുന്നത്. ജി.എസ്.ടി. നിരക്ക് ഏകീകരണം ദേശീയ തലത്തിൽ ലളിതവൽക്കരണ നടപടിയായിരുന്നുവെങ്കിലും, ഉയർന്ന ഉപഭോഗവും 28% സ്ലാബിലുണ്ടായിരുന്ന ആശ്രിതത്വവും കാരണം കേരളത്തിന് അനുപാതികമായ വരുമാന നഷ്ടം നേരിടേണ്ടി വരുമെന്നും പഠനങ്ങൾ സൂചിപ്പിക്കുന്നു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.<br><br>2024-25, 2025-26 സാമ്പത്തിക വർഷങ്ങളിലെ ജി.എസ്.ടി. വരുമാനത്തിലെ വളർച്ച, ജി.എസ്.ടി പരിഷ്കരണം നടപ്പിലാക്കുന്നതിനു മുൻപുള്ള ഏപ്രിൽ-ആഗസ്റ്റ് മാസങ്ങളിലെയും, ജി.എസ്.ടി പരിഷ്കരണം നടപ്പിലാക്കിയതിനു ശേഷമുള്ള സെപ്തംബർ-ജനുവരി മാസങ്ങളിലെയും വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് താരതമ്യം ചെയ്തിരിക്കുന്നത്. പ്രസ്തുത കണക്കുകൾ സൂചിപ്പിക്കുന്നത് ജി.എസ്.ടി. വരുമാനത്തിലുണ്ടായ വളർച്ച നാമമാത്രമാണെന്നാണ്. മാത്രവുമല്ല സി.ജി.എസ്.ടി. വരുമാനത്തിൽ നെഗറ്റീവ് വളർച്ചയാണ് ഉണ്ടായിരിക്കുന്നത്. സാധാരണഗതിയിൽ ആകെ ജി.എസ്.ടി. ഇനത്തിൽ 5-6 ശതമാനം വരെ വളർച്ച ഒരു സാമ്പത്തിക വർഷം മുൻ വർഷത്തെ അപേക്ഷിച്ച് പ്രതിഫലിക്കാറുണ്ട്. പക്ഷെ നിലവിലെ സ്ഥിതിയിൽ ഇത് 2 മുതൽ 3 ശതമാനമായി ചുരുങ്ങാനാണ് സാധ്യത. അതായത് കണക്കുകൾ സൂചിപ്പിക്കുന്നത് ജി.എസ്.ടി. ഇനത്തിലെ വരവിൽ പ്രതീക്ഷിച്ചതിലും കുറവ് ഉണ്ടാകും എന്ന് തന്നെയാണ്. |
| (സി) | ജി.എസ്.ടി. നിരക്ക് പരിഷ്കരണം സംസ്ഥാനത്തിന് ഗുണകരമായിരുന്നോ; വ്യക്തമാക്കുമോ; ജി.എസ്.ടി. നിരക്ക് പരിഷ്കരിച്ചെങ്കിലും കൂടുതൽ കാലം ഇതിന്റെ ആനുകൂല്യം ജനങ്ങൾക്ക് ലഭിച്ചില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ? | (സി) | 56-ാമത് ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശ പ്രകാരം നടപ്പിൽ വരുത്തിയ നികുതി പരിഷ്കരണം ജി.എസ്.ടി. നിരക്കുകളിൽ വലിയ തോതിൽ മാറ്റങ്ങൾ നടപ്പിൽ വരുത്തിക്കൊണ്ടുള്ളതായിരുന്നു. ടി പരിഷ്കരണത്തിലൂടെ നിരവധി ചരക്ക്/സേവനങ്ങളുടെ നിരക്കുകൾ ഒരു നിരക്കിൽ നിന്നും മറ്റൊന്നിലേക്ക് പുനർനിശ്ചയിക്കപ്പെടുന്ന സാഹചര്യം ഉണ്ടായി. |

വിപണിയിലെ ഡിമാൻഡ്, കാലാനുസൃതമായ മാറ്റങ്ങൾ, ചില മേഖലകളിലെ ഇൻവേർട്ടഡ് ഡ്യൂട്ടി സ്ട്രക്ച്ചർ' തുടങ്ങി വൈവിധ്യമാർന്ന ഘടകങ്ങളെ ആശ്രയിച്ചാണ് നികുതി വരുമാനത്തിൽ ചലനങ്ങൾ സംഭവിക്കുന്നത്. അതിനാൽ, വരുമാനത്തിലുണ്ടാകുന്ന ഇത്തരം വ്യതിയാനങ്ങൾ ഏതെങ്കിലും ഒരു പ്രത്യേക ഘടകത്തെ മാത്രം ആശ്രയിച്ചാണോ എന്നും, അവ സ്ഥിരമായ സ്വഭാവത്തോടു കൂടിയതാണോ എന്നും നിലവിലെ സാഹചര്യത്തിൽ കൃത്യമായി വേർതിരിച്ച് തിട്ടപ്പെടുത്തുന്നത് പ്രായോഗികമായി ദുഷ്കരമാണ്. ഇക്കാരണത്താൽ തന്നെ പ്രസ്തുത പരിഷ്കരണം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിന് എത്രത്തോളം ഗുണകരമാണ് എന്നത് തിട്ടപ്പെടുത്തുക നിലവിൽ പ്രയാസകരമാണ്.

ഏതൊരു നികുതി പരിഷ്കരണത്തിന്റെയും ആനുകൂല്യം കൃത്യമായി ജനങ്ങളിലേക്ക് എത്തിച്ചേരുന്നുവെന്ന് ഉറപ്പ് വരുത്തണം എന്ന ശക്തമായ നിലപാട് സംസ്ഥാനം ജി.എസ്.ടി. കൗൺസിലിൽ രേഖപ്പെടുത്തിയിരുന്നു. വിപണിയിലെ വിലനിലവാരം നികുതി നിരക്കിന് പുറമെ മറ്റ് പല ഘടകങ്ങളെയും ആശ്രയിച്ചിരിക്കുന്നതിനാൽ, നികുതി കുറയുന്നതിന്റെ ആനുകൂല്യം തുടർന്നുള്ള കാലയളവുകളിൽ ജനങ്ങൾക്ക് ലഭ്യമാകുന്നുണ്ടോ എന്നത് സംബന്ധിച്ച കൃത്യമായ വിശകലനം സങ്കീർണ്ണമാണ്.

ജി.എസ്.ടി. നിയമം നിലവിൽ വന്നപ്പോൾ, കേരളം കൂടി മുൻകൈ എടുത്താണ് 'ആന്റി പ്രോഫിറ്ററിങ് മെക്കാനിസം' നിയമത്തിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ, 2025 ഏപ്രിൽ മുതൽ, 53-ാം ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ തീരുമാനിച്ചത് പ്രകാരം ഈ സംവിധാനം നിർത്തലാക്കി. പ്രസ്തുത വേളയിൽ കേരളം ഇത് സംബന്ധിച്ച ആശങ്കകൾ പങ്കുവെയ്ക്കുകയും, ഇത്തരത്തിലുള്ള നികുതി പരിഷ്കരണങ്ങളുടെ ആനുകൂല്യം കൃത്യമായി ജനങ്ങളിലേക്ക് എത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി, നിർത്തലാക്കുന്ന ആന്റി പ്രോഫിറ്ററിങ് സംവിധാനത്തിന് പകരമായി ബദൽ സംവിധാനം വേണം എന്ന ആവശ്യം ഉന്നയിക്കുകയും ചെയ്തിരുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം

(തുക കോടിയിൽ)

| | | | |
|---|---|---|---|
| | 2024-25 | | |
| | **സി.ജി.എസ്.ടി.** | **എസ്.ജി.എസ്.ടി.** | **ആകെ** |
| ഏപ്രിൽ-ആഗസ്റ്റ് | 3076.18 | 13048.17 | 16124.35 |
| സെപ്റ്റംബർ-ജനുവരി | 3556.77 | 13715.97 | 17272.74 |
| **ആകെ** | **6632.95** | **26764.14** | **33397.09** |
| | 2025-26 | | |
| ഏപ്രിൽ-ആഗസ്റ്റ് | 3416.40 | 13050.43 | 16466.83 |
| സെപ്റ്റംബർ-ജനുവരി | 3416.40 | 14500.90 | 17917.30 |
| ആകെ | **6832.80** | **27551.33** | **34384.13** |
| | **മുൻ വർഷത്തെ അപേക്ഷിച്ചുള്ള വളർച്ച** | | |
| ഏപ്രിൽ-ആഗസ്റ്റ് | 11.06% | 0.02% | 2.12% |
| സെപ്റ്റംബർ-ജനുവരി | -3.95% | 5.72% | 3.73% |
| **ആകെ** | **3.01%** | **2.94%** | **2.96%** |
| അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ അടിസ്ഥാനമാക്കി | | | |

Jasmi

**സെക്ഷൻ ഓഫീസർ**